പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6890 10.07.2014 -ലെ മറുപടിക്ക്.

വിവിധ ക്ഷേമനിധി ബോർഡുകളുടെ സംയോജനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. റ്റി. ബൽറാം :<br>ശ്രീ. പാലോട് രവി :<br>ശ്രീ. വി. ഡി. സതീശൻ :<br>ശ്രീ. എം. എ. വാഹീദ് : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) വിവിധ ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) സമാന സ്വഭാവത്തിലുള്ള ക്ഷേമനിധി ബോർഡുകൾ സംയോജിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമപദ്ധതികളിൽ സമാന സ്വഭാമുള്ളതും താരതമ്യേന അംഗങ്ങൾ കുറവുള്ളതുമായ ക്ഷേമ പദ്ധതികൾ കൂട്ടിചേർത്ത് കേരള അൺഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി ബോർഡിന്റെ കീഴിൽ കൊണ്ടു വരാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) വിവിധ ക്ഷേമ പദ്ധതികളെ ഒരു ബോർഡിന്റെ കീഴിൽ കൊണ്ടുവരുന്നതു വഴി ഭരണചെലവ് ഗണ്യമായി കുറയ്ക്കാൻ കഴിയും. കൂടാതെ എല്ലാ പദ്ധതികൾക്കും കൂടി ഏകീകൃതമായ പദ്ധതിയും, ചട്ടങ്ങളും നടപ്പിലാക്കാൻ സാധിക്കും. |
| (സി) ഒന്നിലധികം ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായവരുടെ അംഗത്വം റദ്ദാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (സി) ഒന്നിലധികം ബോർഡുകളിൽ അംഗങ്ങളായവരുടെ വിവരങ്ങൾ കണ്ടെത്തുന്നതിന് അഡ്വാൻസ് ഇൻഫർമേഷൻ ഇന്റർഫെയ്സ് സിസ്റ്റം എന്ന സോഫ്റ്റ് വെയർ തയ്യാറാക്കി അംഗങ്ങളുടെ പേരുവിവരം ഡിജിറ്റൈസ് ചെയ്യുന്ന നടപടി തുടർന്നുവരുന്നു. |
| (ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ? | (ഡി) ഇതിനായി ക്ഷേമനിധി അംഗങ്ങളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്ത് ബാങ്ക് അക്കൗണ്ട് നമ്പരുമായി ബന്ധപ്പെടുത്തി രജിസ്ട്രേഷൻ നൽകുന്ന നടപടി അക്ഷയ സെന്റർ വഴി നടന്നുവരുന്നു. |

Deepa

സെക്ഷൻ ഓഫീസർ